©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

**( FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
## (2023-2024)

## THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2023-2024)

**2023 ഫെബ്രുവരി 27-ാം തീയതി സമർപ്പിച്ചത്**

**(Presented on February 27, 2023)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2023-2024)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2023-2024)

181/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാജൻ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. കെ. രാധാകൃഷ്ണൻ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2023 ഫെബ്രുവരി 16, 17 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ VI — ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI — ജില്ലാ ഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2023 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 27.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ടു ചെയ്യുത് : 803.5539 കോടി രൂപ

ചാർജ് ചെയ്യുത് : 1.39 ലക്ഷം രൂപ

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 474.2172 കോടി രൂപ (നോൺ പ്ലാൻ)

1. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക മുഴുവൻ അടച്ച് തീർക്കുന്നതിനായി 2029-00-101-99.6 എന്ന ശീർഷകത്തിൽ 1 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ 2029-00-101-99-05.1 എന്ന ശീർഷകത്തിൽ 1 കോടി രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം: 7.50 കോടി രൂപ (പ്ലാൻ)

2. സർവ്വേ ഡയറക്ടറേറ്റിലും മറ്റ് അനുബന്ധ ഓഫീസുക........ളിലും ഇ-ഓഫീസ് സംവിധാനം പൂർത്തീകരിക്കുന്നതിനും വാർഡ് അടിസ്ഥാനത്തിൽ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും പ്രസ്തുത സർവ്വേയ്ക്കാവശ്യമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 11.52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ടു ചെയ്യുത് : 854.5516 കോടി രൂപ

ചാർജ് ചെയ്യുത് : 1.08 കോടി രൂപ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 199.534 കോടി രൂപ (നോൺ പ്ലാൻ)

3. കളക്ടറേറ്റുകളിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി

നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-99—താലൂക്ക് ഒഫീസുകൾ

ബഡ്ജറ്റ് വിഹിതം : 287.2798 കോടി രൂപ (നോൺ പ്ലാൻ)

4. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ തുടങ്ങിയവയ്ക്ക് താലൂക്ക് ഓഫീസുകൾക്ക് വാഹനങ്ങളുടെ ഉപയോഗം അനിവാര്യമായതിനാൽ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

5. വാതിൽപ്പടിസേവനം രണ്ടാംഘട്ടം, സാമൂഹികാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 31.66 ലക്ഷം രൂപ (നോൺ പ്ലാൻ)

6. സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമിക്കുന്ന പ്രോജക്ട് കോ ഓർഡിനേറ്റർമാരുടെ ശമ്പളം, ഫീൽഡ് സന്ദർശനം, സർവ്വേ, സന്നദ്ധ പ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം – 1.53 കോടി രൂപ (നോൺ പ്ലാൻ)
(36) സഹായധനം-ശമ്പളേതരം – 40.14 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ – 1.9314 കോടി രൂപ (നോൺ പ്ലാൻ)

7. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക നൽകുന്നതിനും അർഹമായ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-102-98-31 എന്ന ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

8. 2003-ലെ സ.ഉ.(കൈ)നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

9. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 79.2 ലക്ഷം രൂപ (നോൺ പ്ലാൻ)

10. വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ

2.208 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 25.1339 കോടി രൂപ (നോൺ പ്ലാൻ)
(36) സഹായധനം- ശമ്പളേതരം-11.383 കോടി രൂപ (നോൺ പ്ലാൻ)
ആകെ – 36.5169 കോടി രൂപ (നോൺ പ്ലാൻ)

11. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 3 കോടി രൂപയും ഉൾപ്പെടെ ആകെ 33 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ഉത്തര മലബാറിലെ കാവുകളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (നോൺ പ്ലാൻ)

12. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും 1811 ആചാര്യ സ്ഥാനികർക്കും 397 കോലധികാരികൾക്കും 1,400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും പ്രസ്തുത പ്രതിമാസ ധനസഹായം 2,000 രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലാണെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : (36) -സഹായധനം-ശമ്പളേതരം-5.5 ലക്ഷം രൂപ (നോൺ പ്ലാൻ)

13. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അദ്ധ്യാപകരുടെ

ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

14. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾ നൽകുന്നതിനും ധനസഹായം ആവശ്യമുള്ളതായും മുൻവർഷങ്ങളിൽ ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറ കളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

15. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 9 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിന്ന് 11 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധ ജലവിതരണവും ശുചീകരണവും

വോട്ടു ചെയ്തത് : 1309.7361 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2215-02-105-95—ഗ്രാമീണ ശുചീകരണ സർവീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ബഡ്ജറ്റ് വിഹിതം : (36)-സഹായധനം-ശമ്പളേതരം- 1.3252 കോടി രൂപ (നോൺ പ്ലാൻ)

16. തീർത്ഥാടകരുടെ വർദ്ധനവിനനുസരിച്ച് ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും പരമപ്രധാനമാണെന്ന് സമിതി കരുതുന്നു. എന്നാൽ 2023-24 വർഷത്തെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.2948 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവീസുകൾ

വോട്ടു ചെയ്തത് : 4496.5972 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

5475-00-800-77-01—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 48 കോടി രൂപ (പ്ലാൻ)

17. 2023-24 സാമ്പത്തിക വർഷം കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന കർമ്മപദ്ധതി നടപ്പിലാക്കുന്നതിനും റവന്യൂ വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും പുതുതായി 40 വില്ലേജ് ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനും നിലവിൽ കെട്ടിടമുള്ള 80 വില്ലേജ് ഓഫീസുകൾ പുനരുദ്ധീകരിക്കുന്നതിനും കൂടാതെ എല്ലാ റവന്യൂ ഓഫീസുകളിലും പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-02—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ -റവന്യൂ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം-അടിസ്ഥാന സൗകര്യം ഒരുക്കൽ/ പരിപാലനം / നിലവാരമുയർത്തൽ

ബഡ്ജറ്റ് വിഹിതം : 23 കോടി രൂപ (പ്ലാൻ)

18. വില്ലേജ് ഓഫീസുകളിൽ Facility Management Services (FMS), ഇ-ഓഫീസ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനും യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന്റെ

ഭാഗമായി ഫിംഗർപ്രിന്റ് ബയോമെട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-03—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

19. സർവ്വേ ട്രെയിനിംഗ് സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി 1.5 കോടി രൂപയും സർവ്വേ മ്യൂസിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുമുൾപ്പെടെ 6.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ടു ചെയ്തത് : 3340.5837 കോടി രൂപ

ചാർജ്ജ് ചെയ്തത് : 5.01 ലക്ഷം രൂപ

4551-60-800-99—ശബരിമല മാസ്റ്റർപ്ലാൻ

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ (പ്ലാൻ)

20. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി പമ്പ മുതൽ സന്നിധാനം വരെ ആയുർവേദ ഔഷധങ്ങളടങ്ങിയ കുടിവെള്ള വിതരണത്തിനായി ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പൊതുശിപാർശകൾ

21. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഓഫീസുകളും ജീവനക്കാരും ഉള്ള വകുപ്പുകളിൽ ഒന്നാണ് റവന്യൂ വകുപ്പ്. സംസ്ഥാനത്തിന് റവന്യൂ വരുമാനം നേടിത്തരുന്നതിൽ ഈ വകുപ്പിനുള്ള പ്രാധാന്യം വിസ്മരിക്കാവുന്നതല്ല. പ്രസ്തുത വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്ഥലസന്ദർശനം അത്യന്താപേക്ഷിതമാണ്. എന്നാൽ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി വാഹനങ്ങളില്ലാത്ത അവസ്ഥ പരിഗണിച്ച സമിതി 2022-23

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകൾക്ക് വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടിട്ടില്ല എന്നു മനസ്സിലാക്കുന്നു. 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയ്ക്ക് വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കിയാൽ പോലും വാർഷിക ബാദ്ധ്യത ഉദ്ദേശം 22 കോടി രൂപ മാത്രമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ സ്ഥലപരിശോധന ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി ഒരു പദ്ധതി രൂപീകരിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി തുക വകയിരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സംസ്ഥാനത്ത് അയിത്തോച്ചാടനത്തിനായി നടന്ന പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികം 2024-ൽ ആണ്. ഈ വാർഷികം സമുചിതമായി ആഘോഷിക്കപ്പെടേണ്ടതാണ്. ആയതിന്റെ ഭാഗമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കണമെന്നും പ്രസ്തുത പദ്ധതിയ്ക്കായി 1 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 21.